മി. സ്പീക്കർ : എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ചെയർമാന് ആക്ഷൻ എടുത്തുകൊണ്ടുള്ള റിപ്പോർട്ടുകൾ നേരിട്ട് കിട്ടും. പൊടുന്നനെ ചോദിച്ചാൽ മുഖ്യമന്ത്രിക്ക് മറുപടി പറയാൻ പറ്റുമോ?

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, നമ്മുടെ സംസ്ഥാനത്ത് റവന്യൂ ചെലവുകൾ അമിതമായി വർദ്ധിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ എല്ലാ തരം ചെലവുകളും ചുരുക്കേണ്ടതായിട്ടുണ്ട്. നമ്മുടെ ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റുകൾ, കോർപ്പറേഷനുകൾ, ബോർഡുകൾ ഇതിന്റെ വകുപ്പ് മേധാവികൾ നമ്മുടെ ഗവണ്മെന്റ് വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഈ വാഹനങ്ങൾ പോലീസ്, എക്സൈസ്, തുടങ്ങിയ ഡിപ്പാർട്ടുമെന്റുകൾ ഒഴികെ വാഹനങ്ങൾ പിൻവലിച്ച് അതിന് പകരമായി ഒരു മന്ത്രി ട്രാൻസ്പോർട്ടിംഗ് അലവൻസ് എർപ്പെടുത്തുന്ന കാര്യം ഗവണ്മെന്റ് ഗൗരവ പൂർവ്വം പരിഗണിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : പോലീസിന്റേത് പിൻവലിക്കാൻ പറ്റുകയില്ല. ആ അഭിപ്രായത്തോട് യോജിപ്പില്ല. പോലീസിന് ആവശ്യമായ വാഹനങ്ങൾ തന്നെ ഇപ്പോൾ ഇല്ല. പോലീസ് ഒഴികെ ഒരു സജഷൻ തന്നാൽ ആലോചിക്കാം.

മി. സ്പീക്കർ : ഈ സർക്കാർ വാഹനങ്ങളുടെ ദുരുപയോഗത്തിൽ പ്രധാനപ്പെട്ട ഒരു സംഗതി അതിന്റെ കേടുപാടുകൾ തീർക്കുന്നതാണ്. കോടിക്കണക്കിനു രൂപ സർക്കാർ ഖജനാവിന് നഷ്ടം വന്നുകൊണ്ടിരിക്കുകയാണ്. അത് പരിശോധിച്ച് ഒരു ബദൽ സംവിധാനം ഉണ്ടാക്കാൻ നടപടി എടുത്തുകൂടേ?

ശ്രീ. ഇ.കെ. നായനാർ : പണ്ടുകാലത്ത് തുടർന്നുവന്നത് ഇപ്പോഴും തുടരുകയാണ്. അത് മാറ്റണമെന്നുള്ളതാണ്. ഇപ്പോൾ അതിന്റെ പിന്നിൽ കൈക്കൂലി ഉണ്ടോ എന്നൊന്നും എനിക്ക് അറിയില്ല.

മി. സ്പീക്കർ : വലിയ വെട്ടിപ്പാണ് നടക്കുന്നത്.

ശ്രീ. ഇ.കെ. നായനാർ : അത് എനിക്കറിയില്ല.

മി. സ്പീക്കർ : ചോദ്യം നമ്പർ 299

3 (*299) കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. യു.എസ്. ശശി :
ശ്രീമതി ഓർഗ്വി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കാൻ നടപ്പിലാക്കിവരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് സായ് സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന സഹായം എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും, നിലവിലുള്ളത് വികസിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ഇ) തൃശ്ശൂർ ജില്ലയിലെ സ്കൂളുകളിൽ ഈ വർഷം ഇതിനുവേണ്ടി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) :

(എ) "ഒരു കുട്ടിയുടെ ആന്തരികാവയവങ്ങളുടെ പ്രവർത്തനശേഷി മെച്ചപ്പെടുത്തുകയും തദ്വാരാ അവരുടെ മൊത്തത്തിലുള്ള ശാരീരിക ശേഷിവളർച്ചയുടെ അതാത് ഘട്ടങ്ങൾക്ക് അനുസൃതമായ രീതിയിൽ പരിപോഷിപ്പിക്കുകയും അവരുടെ വ്യത്യസ്ത ശാരീരിക കഴിവുകൾ പരമാവധി വികസിപ്പിക്കുകയുമാണ് കായികക്ഷമതകൊണ്ട് ഉദ്ദേശിക്കുന്നത്."

വിദ്യാർത്ഥികൾക്ക് കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കുന്ന 129 സ്കൂളുകളിൽ സ്പെഷ്യൽ കോച്ചിംഗ് സെന്ററുകൾ നടത്തി വരുന്നു.

കൂടാതെ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ച് ഒരുസംസ്ഥാനതല കായികക്ഷമതാ പദ്ധതി കേരള സർക്കാർ അംഗീകരിച്ച്, കായികയുവജനകാര്യവകുപ്പ് വഴി നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് സായിയുടെ പ്രവർത്തനങ്ങൾ താഴെപ്പറയുന്ന 5 കേന്ദ്രങ്ങൾ വഴിയാണ് നടപ്പിലാക്കി വരുന്നത്.

1. സ്പോർട്സ് പ്രോജക്ട് ഡെവലപ്മെന്റ് ഏരിയ (എസ്.പി.ഡി.എ.) കൊല്ലം.
2. എസ്.പി.ഡി.എ. തൃശ്ശൂർ
3. സ്പോർട്സ് ഹോസ്റ്റൽ, കോഴിക്കോട്
4. ജിംനാസ്റ്റിക്ക് സെന്റർ, തലശ്ശേരി
5. വാട്ടർ സ്പോർട്സ് സെന്റർ, ആലപ്പുഴ

സായ് യുടെ മേൽ വിവരിച്ച അഞ്ച് കേന്ദ്രങ്ങൾവഴി മികവുറ്റ കായിക താരങ്ങളെ കണ്ടെത്തി അവർക്ക് മികച്ച പരിശീലനം, ഭക്ഷണം, താമസ സൗകര്യം, വിദ്യാഭ്യാസം എന്നിവ സ്പോർട്സ് ഡയറക്ടറേറ്റിന്റെ സഹായത്തോടെ നടത്തിവരുന്നു. കൂടാതെ തലശ്ശേരിയിൽ ഫെൻസിംഗും വയനാട്ടിൽ അമ്പെയ്ത്ത് പരിശീലനവും നൽകുന്നുണ്ട്. ഇതിനുപുറമേ ആലപ്പുഴ ജില്ലയിൽ പ്രവർത്തിച്ചുവരുന്ന വാട്ടർ സ്പോർട്സ് സെന്ററിന്റെ വിപുലീകരണ പ്രക്രിയ ത്വരിതഗതിയിൽ നടന്നുവരുന്നു. ഇതോടനുബന്ധിച്ച് തിരുവനന്തപുരത്തെ വെള്ളായണിയിലും, കോഴിക്കോട് കാരാപ്പുഴയിലും ഓരോ വാട്ടർ സ്പോർട്സ് ഉപകേന്ദ്രങ്ങൾ കൂടി തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ആലപ്പുഴ ജില്ലയിൽ പ്രവർത്തിച്ചുവരുന്ന വാട്ടർ സ്പോർട്സ് സെന്ററിന്റെ വിപുലീകരണത്തിന് ഒരു കോടി രൂപയും, കൊല്ലം എസ്.പി.ഡി.എ. ഹോസ്റ്റൽ നിർമ്മാണത്തിന് 30,40,000- രൂപയും കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവ വികസിപ്പിക്കുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സാമ്പത്തിക സഹായം (50%) സംസ്ഥാനത്തെ വിവിധ സ്കൂളുകൾക്കും മറ്റ് ഏജൻസികൾക്കും നൽകിവരുന്നു. കൂടാതെ നിലവിലുള്ള സ്റ്റേഡിയങ്ങൾ നന്നാക്കുന്നതിന് ഉതകുന്ന രീതിയിൽ ധനസഹായം നൽകുന്നതിന് സംസ്ഥാന സർക്കാരിന്റെ ഒരു പദ്ധതിയും നിലവിലുണ്ട്. പഞ്ചായത്തുകൾക്ക് ധനസഹായം ലഭിക്കാനുള്ള പരിധി 3 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

(ഇ) തൃശ്ശൂർ ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ കുട്ടികളുടെ കായികവും മാനസികവുമായ വികസനത്തിന് ഉതകത്തക്ക രീതിയിൽ ഒരു കായികക്ഷമതാ പദ്ധതി ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി അദ്ധ്യാപക പരിശീലനം മൂന്ന് ഉപജില്ലകളിലാക്കി തിരിച്ചുള്ള കായികക്ഷമതാ ടെസ്റ്റ് എന്നിവ ഉൾപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസ് ബേബി : സർ, കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് ഒരു പ്രത്യേകമായ ഗ്രേസ് മാർക്ക് കൊടുക്കുകയും അതോടൊപ്പം തന്നെ അവർക്ക് മറ്റ് സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള അവാർഡുകൾ പ്രഖ്യാപിക്കുകയും ചെയ്തുകഴിഞ്ഞാൽ ഈ രംഗത്ത് കൂടുതൽ ആളുകളെ ആകർഷിക്കാനാകും, അതിനാവശ്യമായ നടപടി എടുക്കുവാൻ ഗവണ്മെന്റ് മുന്നോട്ടുവരുമോ?

ശ്രീ. എ.സി. ഷണ്മുഖദാസ് : സർ, ഇപ്പോൾ തൃശ്ശൂർ ജില്ലയിൽ പൈലറ്റ് പ്രോജക്ടാണ്. അപ്പോൾ ഒരു ജില്ലയിൽ മാത്രം ഗ്രേസ് മാർക്ക് കൊടുത്താൽ അത് മറ്റു ജില്ലകളിലെ കുട്ടികളെയും കൂടി ബാധിക്കും, മറ്റു ജില്ലകളിൽ ഈ സംവിധാനം ഇല്ല. അതുകൊണ്ട് കേരളം മുഴുവൻ കായികക്ഷമതാ പരിപാടി വരുമ്പോൾ കായികക്ഷമതാ പരിപാടിയുടെ ഭാഗമായി ഗ്രേസ് മാർക്ക് കൊടുക്കുന്ന കാര്യം പരിശോധിക്കാം. ഇപ്പോൾ തന്നെ ഇതിന് പ്രത്യേക അവാർഡുകളൊക്കെ നിശ്ചയിച്ചിട്ടുണ്ട്. 50% വരെ ഒരു മെറിറ്റായി വച്ച്, 50-ന് മുകളിലുള്ളവരുടെ സെക്കന്റ് ഗ്രേഡായി, അതിൽ 85% വരെ ലഭിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ അവാർഡ് എന്ന നിലയിൽ സ്വർണ്ണം, വെള്ളി തുടങ്ങിയ അവാർഡുകൾ നിശ്ചയിച്ചിട്ടുണ്ട്. അത്‌ലറ്റ്സുകൾക്ക് അതൊക്കെ വിതരണം ചെയ്യുന്നതാണ്.

ശ്രീ. ജോസ് ബേബി : സർ, സ്പോർട്സിൽ ഏറെ മുന്നോട്ടു പോയിട്ടുള്ള ഇന്ത്യയിലെ ഒരു സംസ്ഥാനമാണ് കേരളം. അതുകൊണ്ട് തന്നെ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും സ്പോർട്സിന്റെ പുതിയ പുതിയ സ്ഥാപനങ്ങളുണ്ട്. പട്യാലയിലും, ഗ്വാളിയറിലുമൊക്കെയുള്ളതുപോലെ ഒരു സ്പോർട്സ് മ്യൂസിയം സ്ഥാപിക്കുവാൻ ആവശ്യമായ നടപടികൾ ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ, അതുണ്ടെങ്കിൽ കേരളത്തിൽ ഭാവിയിൽ വരുന്ന ചരിത്ര സ്പോർട്സ് പ്രേമികൾക്കും മറ്റുള്ള ആളുകൾക്കുമൊക്കെ താൽപ്പര്യമുണ്ടാകും, അതുകൊണ്ട് അതിന് ഗവണ്മെന്റ് തയ്യാറാകുമോ എന്നാണ് അറിയേണ്ടത്.

ശ്രീ. എ.സി. ഷണ്മുഖദാസ് : സർ, കേരളം ഇന്ത്യയിൽ സ്പോർട്സ് രംഗത്ത് വളരെ മുന്നിലാണ്. പക്ഷേ നൈമിഷികമായ പുതിയ ശാസ്ത്ര സാങ്കേതിക വിദ്യകൾ സ്പോർട്സ് രംഗത്ത് ഉണ്ടാകുന്നുണ്ട്. ഈ മാറ്റങ്ങളൊക്കെ ഭാവി തലമുറയ്ക്ക് ഉതകുന്ന രീതിയിൽ ഒരു സ്പോർട്സ് മ്യൂസിയം എന്നത് നല്ല ഒരാശയമാണ്. ഇന്ത്യയിൽ ഇത്തരത്തിൽ അധികം സ്ഥാപനങ്ങ

ളില്ല, സ്വാഭാവികമായും സ്പോർട്സ് രംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന ഒരു സ്റ്റേറ്റ് എന്ന രീതിയിൽ കേരളത്തിൽ തുടക്കം കുറിക്കണം. കേരളാ സ്പോർട്സ് കൗൺസിലുമായി ആലോചിച്ച് സ്ഥലവും അതുപോലെ മറ്റ് ലഭ്യതയും നോക്കണം. കേണൽ ഗോദവർമ്മ രാജയെപോലുള്ളവർ സ്ഥാപിച്ചതുപോലെയുള്ള സ്ഥാപനങ്ങൾ, ഞങ്ങൾക്ക് നൽകുമെങ്കിൽ ഒരു മ്യൂസിയം ഉണ്ടാക്കുന്ന കാര്യം ആലോചിക്കാമെന്ന് ഞാൻ ഈയിടെ ബഹുമാനപ്പെട്ട മഹാരാജാവിനെ കണ്ട് പറയുകയുണ്ടായി. അദ്ദേഹം പരിശോധിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഈ സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ മ്യൂസിയം ഉണ്ടാക്കുന്ന കാര്യം ഗവണ്മെന്റ് തീർച്ചയായും തീരുമാനിക്കും.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : സർ, കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നാളിതുവരെ നടപ്പിലാക്കിയ സ്പോർട്സ് രംഗത്തെ പ്രവർത്തനം കൊണ്ട് ദേശീയ അന്തർദേശീയ രംഗത്ത് സംസ്ഥാനത്തിന്റെ സ്ഥാനം എന്താണെന്നും, കായികതാരങ്ങൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകിവരുന്നത് എന്നും വിശദമാക്കാമോ?

ശ്രീ. എ.സി. ഷണ്മുഖദാസ് : സർ, ഇതുവരെ ഒരു കായിക വിനോദമായിട്ടാണ് ഞങ്ങൾ ഇതിന് പ്രാധാന്യം കൊടുത്തിരുന്നത്, അതുകൊണ്ട് തന്നെ മത്സരങ്ങളിൽ ജയിക്കുക, മെഡലുകൾ നേടുക ഇതൊക്കെയായിരുന്നു നമ്മുടെ ലക്ഷ്യം. എന്നാൽ ഈ വർഷം മുതൽ കായികവിനോദം എന്ന നിലയ്ക്കപ്പുറം കായികക്ഷമത വർദ്ധിപ്പിക്കുവാനുള്ള ഒരു ഉദ്ദേശ്യം വച്ചാണ് ഫിസിക്കൽ ഫിറ്റ്നസ് പ്രോഗ്രാമിന് 12 ലക്ഷം രൂപാ നീക്കിവച്ചുകൊണ്ട് വിദ്യാഭ്യാസ വകുപ്പും, സ്പോർട്സ് വകുപ്പും സംയുക്തമായി തൃശ്ശൂർ ജില്ലയിൽ ഒരു പൈലറ്റ് പ്രോജക്ട് ആരംഭിക്കുന്നത്. കേരളത്തിൽ കായിക വിനോദ രംഗങ്ങളിൽ നമുക്ക് വളരെയേറെ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒന്നു മുതൽ അഞ്ചുവരെ നാഷണൽ ഗെയിംസ് നടന്നു. പൂനയിൽ നമ്മൾ 10-ാം സ്ഥാനത്തായിരുന്നു. എങ്കിൽ ബാംഗ്ളൂരിൽ വന്നപ്പോൾ 4-ാം സ്ഥാനത്തായിരുന്നു. ഇക്കുറി ഇംഫാലിൽ വന്നപ്പോൾ നമ്മളെ ഗ്രൗണ്ടിൽ ഇറക്കുന്നത് തടയാൻ തീവ്രവാദികൾ ശ്രമിച്ചതിന്റെ ഭാഗമായി നമുക്ക് ചെറിയ ഒരു പോയിന്റിന് ചാമ്പ്യൻഷിപ്പ് നഷ്ടപ്പെട്ടു എങ്കിലും മെഡലിന്റെ കാര്യത്തിലൊക്കെ നമ്മൾ മുൻപന്തിയിലാണ്. ഒന്നാം സ്ഥാനത്ത് എത്തി എന്ന് പറയാൻ കഴിയും, ഇത് ഈ പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായ നേട്ടമാണ്.

ശ്രീ.എം. നാരായണൻ(ഹോസ്ദുർഗ്) : സർ, കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സെന്റർ, വളരെ അപര്യാപ്തമായ ഒരു കെട്ടിടത്തിലാണ് ഇന്ന് പ്രവർത്തിക്കുന്നത്. ആ സെന്ററിൽ ആവശ്യമായ എല്ലാവിധ സൗകര്യങ്ങളും ഏർപ്പെടുത്തണം, അതുവഴി കായികക്ഷമത വർദ്ധിപ്പിക്കാൻ കൂടുതൽ പ്രയോജനപ്പെടുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ഗവണ്മെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. എ.സി. ഷണ്മുഖദാസ് : സർ, കാസർഗോഡ് ഒരു സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ ഉണ്ട്. ആ ഹോസ്റ്റൽ 37,45,619 രൂപ നിർമ്മിതി കേന്ദ്രം ചെലവഴിച്ചാണ് പൂർത്തീകരിച്ചിരിക്കുന്നത്. ഇപ്പോൾ തന്നെ അവിടെ ഫുട്ബോൾ, വോളിബോൾ, ഖോഖോ, കബഡി, ക്രിക്കറ്റ്, അത്ലറ്റ്സ് അത്തരത്തിലുള്ള പരിശീലനത്തിനുള്ള സംവിധാനങ്ങൾ ഉണ്ട്.

ശ്രീ. യു.എസ്. ശശി : സർ, സായ്യുടെ പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 5 കേന്ദ്രങ്ങളെ തെരഞ്ഞെടുത്തു എന്ന് ഇവിടെ സൂചിപ്പിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യുണ്ടായി. കുട്ടികളുടെ കായ്യക്ഷമത വർദ്ധിപ്പിക്കുന്നതിന് തൃശ്ശൂർ ജില്ലയിൽ ഏർപ്പെടുത്തുന്ന പദ്ധതികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ?

<u>ശ്രീ. എ.സി. ഷണ്മുഖദാസ്</u> : സർ, സായ് കേന്ദ്രങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് തൃശ്ശൂരിലാണ്. തൃശ്ശൂരിൽ സ്വിമ്മിംഗ്, അത്‌ലറ്റിക്സ്, ബാഡ്മിന്റൻ, ബാസ്ക്കറ്റ് ബാൾ തുടങ്ങിയുള്ള സൗകര്യങ്ങളുണ്ട്. 45 കുട്ടികളുണ്ട്, അതിൽ 24 പെൺകുട്ടികളും, 21 ആൺകുട്ടികളുമാണ്.

<u>ശ്രീ. യു.എസ്. ശശി</u> : സർ, തൃശ്ശൂരിലെ ഈ പദ്ധതിപ്രകാരം തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകൾ ഏതെല്ലാം? അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തെ പല സ്കൂളുകളിലും ഇന്ന് കായികപരിശീലനത്തിനു വേണ്ട അദ്ധ്യാപകരില്ല, അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ എന്താണ് അതിനെപ്പറ്റി വിശദീകരിക്കാമോ?

<u>ശ്രീ. എ.സി. ഷണ്മുഖദാസ്</u> : സർ, തൃശ്ശൂർ ജില്ലയിൽ മിക്കവാറും എല്ലാ സ്കൂളുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. മൊത്തത്തിൽ 3,01,181 കുട്ടികൾ, ആൺകുട്ടികളും, പെൺകുട്ടികളുമായി കായികക്ഷമതാ പരിപാടിയിൽ യു.പി. എസ്., ഹൈസ്കൂൾ വിഭാഗങ്ങളിൽ ഉൾപ്പെടുത്താൻ കഴിയും. സെലക്ട് ചെയ്യുന്ന കുട്ടികൾക്ക് കോച്ചിംഗ് ഒക്കെ നല്ലതുപോലെ കൊടുക്കുന്നതാണ്. കായികക്ഷമതാ പരിപാടിയിൽ എല്ലാവരെയും ചേർത്തിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കായിക അദ്ധ്യാപകന്മാരുടെ എണ്ണം പരിശോധിച്ചാൽ കേരളത്തിൽ ധാരാളമുണ്ട്. പക്ഷേ ഇനിയും 500-ൽ കുറവ് കുട്ടികളുള്ള സ്ഥലത്ത് സാമ്പത്തിക കാരണങ്ങളാൽ കുറച്ചു കാലമായി നിയമനം അനുവദിക്കാറില്ല. വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഞാൻ ശേഖരിച്ച കണക്ക് പ്രകാരം 3088 കായിക അദ്ധ്യാപകർ ഈ സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പ്രവർത്തിക്കുന്നുണ്ട്.

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : സർ, സ്പോർട്സ് വികസനത്തെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി നിയോഗിച്ചിരുന്ന ഒരു ഉന്നതതല സമിതി അവരുടെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന ഒരു ശുപാർശ പ്രൈമറിതലം മുതൽ സ്പോർട്സ് പരിശീലനം ആരംഭിക്കണമെന്നുള്ളതാണ്. ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. എ.സി. ഷണ്മുഖദാസ്</u> : സർ, ഇത് വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ഒരു നിർദ്ദേശമായി വന്നതാണ്, സ്പോർട്സ് വകുപ്പുമായിട്ടല്ല എങ്കിലും ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച സ്കൂൾ ഫിറ്റ്നസ് പ്രോഗ്രാം, അത് പ്രൈമറി സ്കൂൾ എന്നു പറയാൻ പറ്റില്ല. 10 മുതൽ 17 വയസ്സുവരെയുള്ള കുട്ടികളെയാണ് അതിൽ ഉന്നം വച്ചിരിക്കുന്നത്. അതിൽ താഴെയുള്ള കുട്ടികളെ തൽക്കാലം ഇപ്പോൾ ഉന്നം വയ്ക്കാൻ കഴിഞ്ഞിട്ടില്ല, അത് പരിശോധിക്കേണ്ട വകുപ്പ് പരിശോധിച്ച് ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടതാണ്.

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : സർ, സ്പോർട്സ് പരിശീലനത്തിന് കോച്ചുകളെ നിയമിക്കുന്നത് ഏത് ഏജൻസിയാണ്? പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യോഗ്യതയുള്ളവർ പല പ്രാവശ്യം അപേക്ഷിച്ചിട്ടും അവരെ നിയമിക്കാതിരിക്കുന്നു, അവരെ അവഗണിക്കുന്നു, ഇക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അത് സംബന്ധിച്ച് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ; നീന്തൽ കോച്ചുകളെ നിയമിക്കുന്നതിനുവേണ്ടി പലപ്രാവശ്യമായി അപേക്ഷ

LIBRARY ARCHIVES Kerala Legislative Assembly

കൾ ക്ഷണിച്ച്, അവരെ സ്ഥിരമായി അവഗണിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ ഒരു പരാതി ഞങ്ങളുടെ നിയമസഭാ പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ സമിതിക്ക് ലഭിച്ചിട്ടുണ്ട്. അത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് പറയാമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, കളിയിൽ രാഷ്ട്രീയവും, ജാതിയും മതവും ഒന്നും ഇല്ല എന്നാണ് വയ്പ്. എങ്കിലും റിസർവേഷന്റെ ആനുകൂല്യം അതിൽ എന്തു നഷ്ടംവന്നാലും ഈ വിഭാഗത്തിന് ലഭിക്കണം. നേരത്തെ കോച്ചുകളെ സെലക്ട് ചെയ്തപ്പോൾ യോഗ്യരായ ആളുകളെ കിട്ടിയില്ല എന്ന പരാതിയുണ്ടായിരുന്നു. ഏതായാലും ഇപ്പോൾ ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി എന്തുവന്നാലും അവർക്കുകൂടി നിയമനം കൊടുക്കാൻ ഉത്തരവ് കൊടുത്തിട്ടുണ്ട്. കായികക്ഷമതയും, കായിക വിനോദവും അതിൽ നമുക്ക് ദേശീയ അടിസ്ഥാനത്തിൽ വിജയ മൊക്കെ കരസ്ഥമാക്കുവാൻ പ്രാപ്തരായ ആളുകളെ കിട്ടേണ്ടത് ആവശ്യ മാണ് എന്നതുകൂടി പരിഗണിച്ചായിരിക്കണം. ഏതായാലും സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവരുടെ പരിശീലനവും കഴിവും വച്ച് പരി ശോധിക്കും, ഇല്ലെങ്കിലും ഇക്കാര്യത്തിൽ നിയമനം നടത്താനുള്ള നിർദ്ദേശം കൊടുക്കുകയാണ്.

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഉത്തരത്തിൽ ഫിസിക്കൽ ഫിറ്റ്നസ് പ്രോഗ്രാമിന്റെ ഭാഗമായിട്ട് തൃശ്ശൂർ ജില്ലയിലും, കൊല്ലത്തുമൊക്കെ കായികക്ഷമതാ പദ്ധതി ആരംഭിക്കും എന്നുപറഞ്ഞു. ഇപ്പോൾ ആരംഭിക്കുന്നത് ഇതൊരു പാഠ്യേതര വിഷയം എന്നുള്ള നിലയ്ക്കാ ണ്. Sports for all - എന്നുള്ള മുദ്രാവാക്യമായിട്ടാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബിൽ പാസാകുന്നതോടുകൂടി വരുന്നകൊല്ലം മുതൽക്ക് സ്പോർട്സ് ഒരു പാഠ്യവിഷയമാക്കി എല്ലാ സ്കൂളുകളിലും പ്രൈമറി സ്കൂൾ തലം മുതൽക്ക് ഇത് ആരംഭിക്കുന്നതിന് ഗവണ്മെന്റ് ഉദ്ദേശി ക്കുന്നുണ്ടോ? ഉണ്ടെങ്കിൽ പ്രൈമറി ക്ലാസ്സുകളിൽ കായിക വിദ്യാഭ്യാസം പഠിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള ഇൻസ്ട്രക്ടർമാരെ അപ്പോയിന്റ് ചെയ്യുന്നതിന് ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ.സി. ഷണ്മുഖദാസ് : ഫിസിക്കൽ ഫിറ്റ്നസ് പ്രോഗ്രാം തൃശ്ശൂർ ജില്ലയിൽ മാത്രമേ ആരംഭിച്ചിട്ടുള്ളൂ. കളിക്കളത്തിന്റെ ഭാഗമായി ഇത് സ്റ്റേറ്റ് മുഴുവനാക്കാൻ കഴിയുകയില്ല. ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കു ന്നത്. സ്വാഭാവികമായും ഇത്തരത്തിലുള്ള പരിശീലനം കൊടുക്കുമ്പോൾ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സിന് പ്രാഥമികതലത്തിൽ തന്നെ പരിശീ ലനം കൊടുക്കണം. വിദ്യാഭ്യാസ വകുപ്പിന്റെ സാമ്പത്തികമായ കാരണങ്ങളാ ലാണ് കൊടുക്കാത്തത്. ഈ ഗവണ്മെന്റിന്റെ കാലത്തല്ല പഴയ ഗവണ്മെന്റിന്റെ കാലത്തും ചില നിയന്ത്രണങ്ങൾ വന്നു. അപ്പർ പ്രൈമറിയിൽ 500 കുട്ടി കൾക്ക് മുകളിൽ വേണം അല്ലെങ്കിൽ ഇത് കൊടുക്കുകയില്ല. ആ നിയന്ത്രണ ങ്ങൾക്ക് മാറ്റമുണ്ടാക്കാൻ സാമ്പത്തിക കാരണങ്ങളാൽ കഴിയാതെ പോയി ട്ടുണ്ട്. ഏതായാലും കഴിവതും ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സിന് ട്രെയിനിംഗ് കൊടുക്കണം. ഭാവിയിൽ ഇത് കരിക്കുലത്തിന്റെ ഭാഗമായി വന്നില്ലെങ്കിൽ, സ്വാഭാവികമായും എല്ലാവരുടേയും പങ്കാളിത്തം ഇതിൽ ഉണ്ടാവുകയില്ല. ഈ നിയമസഭയിൽ ഇപ്പോൾ അവതരിപ്പിച്ച ബില്ലിൽ സ്പോർട്സ് എന്നു പറയുന്നത് കായിക വിനോദത്തിൽ ഏർപ്പെട്ടിരിക്കുന്ന വർക്കുവേണ്ടി മാത്രമായിട്ടുള്ളതാണ്. അത് മാറി പഞ്ചായത്തുതലത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളിലേക്ക് എത്തിക്കാൻ ഉദ്ദേശിച്ചാണ് 'Sports for all' എന്ന സത്ത സ്വീകരിച്ചുകൊണ്ടുള്ള ബിൽ സെലക്ട് കമ്മിറ്റിയുടെ ചർച്ചയിൽ വന്നത്. ഇതിലും വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ട്. കായിക സംഘടനകളുടെ വ്യത്യസ്ത അഭിപ്രായങ്ങൾ സെലക്ട് കമ്മിറ്റി തെളിവെടുപ്പുവേളയിൽ വന്നിട്ടുണ്ട്. അതും ചർച്ചചെയ്യപ്പെടേണ്ട കാര്യമാണ്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : കുട്ടികളിൽ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി പറഞ്ഞതിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്രൈമറി വിദ്യാലയങ്ങളിലുള്ള കായികാദ്ധ്യാപകരുടെ കുറവുതന്നെയാണ്. ബഹുമാനപ്പെട്ട മന്ത്രി 3000-ത്തോളം അദ്ധ്യാപകർ ഉള്ളതായിട്ട് കണക്ക് പറഞ്ഞു. ഭൂരിപക്ഷം വിദ്യാലയങ്ങളിലും അദ്ധ്യാപകരില്ല. അതുകൊണ്ട് അത്തരം നിയമനത്തിൽ തടസ്സം ഉണ്ടെന്ന് പറഞ്ഞ നിലയ്ക്ക്, പുതിയ നിയമനം നടക്കുന്നതുവരെ നീണ്ടുപോകാൻ പാടില്ലാത്തതുകൊണ്ട്, നിലവിലുള്ള മറ്റ് വിഷയങ്ങളിൽ ഒക്കെ പഠിപ്പിക്കുന്ന സ്പോർട്സിൽ താൽപ്പര്യമുള്ള അദ്ധ്യാപകർക്ക് പ്രത്യേകമായ ചുമതല കൊടുത്തുകൊണ്ട് ഈ പരിശീലന പരിപാടിയിലേക്ക് അവരെക്കൂടി പങ്കെടുപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ.സി. ഷണ്മുഖദാസ്</u> : നിയമനം സംബന്ധിച്ച ഫയലുകൾ ഒക്കെ വിദ്യാഭ്യാസ വകുപ്പിലാണ്. ഇപ്പോൾ മറുപടി പറയാൻ എന്റെ കൈയിൽ ഫയലുകളില്ല. ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സ് ഇല്ലാത്ത സ്ഥലങ്ങളിൽ ആ പോരായ്മ നികത്തണം. 'ഫിസിക്കൽ ഫിറ്റ്നസ് പ്രോഗ്രാം' തൃശ്ശൂരിൽ ആരംഭിക്കുമ്പോൾ 4 പേർ ഉൾക്കൊള്ളുന്ന ഒരു കോർ കമ്മിറ്റി ഗ്രൂപ്പ് ഉണ്ടാക്കുന്നുണ്ട്. ഫിസിക്കൽ എഡ്യൂക്കേഷന്റെ ഇൻസ്ട്രക്ടർ ഉണ്ടെങ്കിൽ അദ്ദേഹവും, ഹെഡ്മാസ്റ്ററും 2 സബ്ജക്ട് ടീച്ചേഴ്സും ഉൾക്കൊള്ളുന്ന ഒരു കോറാണ്, അത്തരത്തിലുള്ള ഒരു ഫിസിക്കൽ ഫിറ്റ്നസ് കോർ ആണ് രൂപീകരിക്കുന്നത്. ഇവർക്കാവശ്യമായിട്ടുള്ള പരിശീലനം കൊടുത്ത് കുട്ടികളിൽ കായികക്ഷമത പരിശീലിപ്പിക്കാൻ ആവശ്യമായ പരിശീലനം കൂടി ലഭ്യമാകുന്നതിനുള്ള ഒരു സംവിധാനം ഈ ജനുവരി മാസം മുതൽ തുടങ്ങുകയാണ്. ഇതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീമതി റോസമ്മ ചാക്കോ</u> : ഞാൻ ചോദിക്കാനുദ്ദേശിച്ച ചോദ്യങ്ങൾ 3 പേർ 3 വിധത്തിൽ ചോദിച്ചുകഴിഞ്ഞു. എങ്കിൽ പോലും ഒന്നുകൂടി ചോദിച്ചുകൊള്ളട്ടെ. ഗ്രാമങ്ങളിൽ കുന്നും മലയും മേടും കാടും ഉള്ള പ്രദേശങ്ങൾ ഉണ്ട്. പ്രത്യേക പരിശീലനം ഇല്ലാതെ തന്നെ അവർ ഓടി, സംസ്ഥാന തലത്തിലും ദേശീയതലത്തിലും കായികരംഗത്ത് ഇവർ മുൻപന്തിയിൽ വന്നിട്ടുണ്ട്. അതുകൊണ്ട് സ്കൂളുകളിൽ കായിക അദ്ധ്യാപകരെ നിയമിക്കുന്ന കാര്യത്തെപ്പറ്റി വിദ്യാഭ്യാസ മന്ത്രിയുമായി ആലോചിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പക്ഷേ ഇടുക്കി, വയനാട് തുടങ്ങിയ പ്രദേശങ്ങളിലെ പ്രൈമറി സ്കൂൾ മുതൽ കുറെ സ്കൂളുകളിലെങ്കിലും കായിക അദ്ധ്യാപകൻമാരെ നിയമിച്ചിട്ട് കായിക പരിശീലനത്തിന് പ്രോത്സാഹനം കൊടുക്കാനും അങ്ങനെ നമ്മുടെ ദേശീയതലത്തിൽ ഉന്നത നിലവാരം ഉള്ളതാരങ്ങളാക്കി മാറ്റാനും കഴിവുള്ള അനേകം ആളുകൾ ഉണ്ട്. തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും തികഞ്ഞ ആളുകൾ ഉണ്ടെങ്കിൽ അവരെ തെരഞ്ഞുപിടിക്കാനുള്ള അവകാശവും സാഹചര്യവും ഇപ്പോഴില്ലാത്തതുകൊണ്ട് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധപതിയുമോ?

<u>ശ്രീ. എ.സി. ഷണ്മുഖദാസ്</u> : ഈ കാര്യത്തിൽ ഗവണ്മെന്റിന് കിട്ടാവുന്ന എല്ലാ സൗകര്യവും ഉപയോഗിച്ച് പരമാവധി ശ്രദ്ധിക്കുന്നത് കൂടി

LIBRARY ARCHIVES Kerala Legislative Assembly

യേറ്റ കേന്ദ്രങ്ങളേയും, മലയോര കേന്ദ്രങ്ങളേയുമാണ്. കാരണം അത്‌ലറ്റിക്സ് രംഗങ്ങളിലും മറ്റ് രംഗങ്ങളിലും കേരളത്തിലെ ഏറ്റവും വലിയ കായിക ജേതാക്കൾ ഈ പ്രദേശത്ത് ഉള്ളവരാണ്; ഷൈനി ഉൾപ്പെടെയുള്ളവർ ഈപ്രദേശത്തുനിന്ന് വന്നവരാണ്. കണക്കെടുത്തു നോക്കിയാൽ ബഹുഭൂരിപക്ഷവും ഈ പ്രദേശത്തുള്ളവരാണ്. ഇവർ വളർന്നുവരുന്ന സാഹചര്യവും, ആ പ്രദേശത്തിന്റെ പ്രകൃതിദത്തമായ സൗകര്യവും, നടത്തവും, ഭക്ഷണവും, കുട്ടികളായിരിക്കുമ്പോഴുള്ള അവരുടെ കൃഷിപ്പണിയിലുള്ള പങ്കാളിത്തവും ഇതൊക്ക വച്ചിട്ടാണ് ഇതിനുള്ള സാഹചര്യം ഉണ്ടാകുന്നത്. അവർക്കാവശ്യമായ സാങ്കേതിക അറിവ് കോച്ചിംഗ് കേന്ദ്രത്തിലൂടെ കൊടുക്കാൻ ശ്രമിക്കുകയാണ്. ഈ സെലക്ട് ലിസ്റ്റിൽ വരുമ്പോൾ ഭൂരിപക്ഷം പേരെയും അതിൽനിന്നാണ് സെലക്ട് ചെയ്തുവരുന്നത്. കേരളത്തിലെ ഹോസ്റ്റലുകളിലെ കുട്ടികളുടെ കണക്കെടുത്തു നോക്കിയാൽ വലിയൊരു ശതമാനം മെറിറ്റിന്റെ അടിസ്ഥാനത്തിൽ വരുന്നത് ഈ മേഖലയിലെ കുട്ടികളാണ്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച മൂന്നു ചോദ്യങ്ങൾക്കും സംയുക്തമായി കായിക കേരളത്തിന്റെ വളർച്ചയ്ക്ക് ഏറ്റവും വലിയ സംഭാവന ചെയ്ത മേഖലയ്ക്ക് പ്രത്യേക പരിഗണന കൊടുക്കും എന്ന് ഉറപ്പിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നത്.

ഡോ. കെ.സി. ജോസഫ് : ബഹുമാനപ്പെട്ട മന്ത്രി മെഡൽ രംഗത്ത് മണിപ്പൂരിൽ ഉണ്ടാക്കിയ നേട്ടങ്ങളെക്കുറിച്ച് പറയുകയുണ്ടായി. കഴിഞ്ഞ ദേശീയ മേളയിലും ഏറ്റവും കൂടുതൽ അതായത് 75% മെഡലുകളും കിട്ടിയത് നീന്തലിലും, കനോയിംഗ്, കയാക്കിംഗ് തുടങ്ങിയ ആലപ്പുഴ 'സായ്' വിഭാഗത്തിലെ കുട്ടികൾക്കാണ്. ഈ കായികതാരങ്ങളുടെ ഭാവിയെ സംബന്ധിച്ച് അവർക്ക് ഒരു സുരക്ഷാബോധം ഉണ്ടാക്കുന്നതിനും അവർക്ക് ഒരു ജോലി ലഭ്യമാക്കുവാനും ആ ജോലി ലഭിക്കുമ്പോൾതന്നെ അവർക്ക് പരിശീലനം തുടർന്നുകൊണ്ടു പോകത്തക്കവണ്ണം സർക്കാർ തലത്തിലുള്ള ഏതെങ്കിലും ഒരു ടീം(പോലീസ് വകുപ്പിലോ മറ്റോ) സംഘടിപ്പിച്ചുകൊണ്ട് അവർക്ക് സുരക്ഷിതത്വം നൽകി അവരുടെ സേവനം പ്രയോജനപ്പെടുത്താൻ കഴിയുമോ? ഒരു മെഡൽപോലും കിട്ടാത്തവർക്ക് അർജ്ജുന അവാർഡ് കൊടുക്കുമ്പോൾ ഏറ്റവും പ്രമുഖനായ നീന്തൽ താരമായ, മെഡലുകൾ നിരന്തരമായി നേടുന്ന സെബാസ്റ്റ്യൻ സേവ്യറിന് അവാർഡ് കിട്ടാതെ അവഗണിക്കപ്പെട്ടതിൽ ഗവണ്മെന്റ് എന്തുകൊണ്ട് ഇടപെട്ടില്ല; ഇവരെയൊക്കെ പ്രോത്സാഹിപ്പിക്കാൻ തക്ക ഒരു നിലപാട് ഗവണ്മെന്റ് സ്വീകരിക്കുമോ?

ശ്രീ. എ.സി. ഷണ്മുഖദാസ് : ബഹുമാനപ്പെട്ട അങ്ങ് ചൂണ്ടിക്കാണിച്ചപോലെ സ്വിമ്മിംഗ്, കനോയിംഗ്, തുടങ്ങിയിട്ടുള്ള രംഗങ്ങളിൽ നമുക്ക് ഇത്തവണ ചില നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ആ നേട്ടങ്ങൾ പരിശോധിച്ച് ആ രീതിയിൽ തന്നെ പരിഗണന കൊടുക്കുകയും ചെയ്തു. 1992 മുതൽ ഒരോ വർഷത്തിലും 20 പേർക്ക് ജോലി കൊടുക്കുക എന്നുള്ള ഗവണ്മെന്റിന്റെ പ്രഖ്യാപനം ചില കാരണങ്ങളാൽ നടക്കാതെ പോയി. ഈ ഗവണ്മെന്റ് വന്നതിനുശേഷം 5 കൊല്ലത്തെ കുറവ് നികത്താനുള്ള ഉത്തരവ് പുറപ്പെടുവിച്ചു. ആ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ സ്പോർട്സ് കൗൺസിലിന്റെയും കൂടി അഭിപ്രായം ആരാഞ്ഞുകൊണ്ട് ഈ സ്വിമ്മിംഗ്, കനോയിംഗ് തുടങ്ങിയ ഇനങ്ങൾക്ക് പരിഗണന കൊടുക്കാൻ തീരുമാനമായി. അത് സംബന്ധിച്ച് മറ്റ് സംഘടനകൾ ഹൈക്കോടതിയിൽ പോയതുകൊണ്ട് അപ്പോയ്മെന്റ് നീണ്ടുനീണ്ടു പോയി. ഇപ്പോൾ അവസാനം ഹൈക്കോടതിയിൽ നിന്ന് വിധി

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുണ്ട്. കോടതിയുടെ അവസാന തീരുമാനത്തിനു വിധേയമായി നിയമന ങ്ങൾ നടത്താനുള്ള ഉത്തരവ് കിട്ടിയിട്ടുണ്ട്. ആ ഉത്തരവിന്റെ അടിസ്ഥാന ത്തിൽ ഉടൻ നിയമനം നടത്തുകയാണ്. അപ്പോൾ നിയമനത്തിന്റെ കാര്യ ത്തിൽ ഇവർക്ക് പ്രത്യേക പരിഗണന കൊടുത്തിട്ടുണ്ട്. മറ്റൊരു കാര്യം ശ്രീ. സെബാസ്റ്റ്യൻ സേവ്യറിനെ പോലുള്ളവർക്ക് സംസ്ഥാന ഗവണ്മെന്റ് കൊടു ക്കാവുന്ന ഏറ്റവും വലിയ പരിഗണന കൊടുത്തിട്ടുണ്ട്. ഈ കൊല്ലം 64 ലക്ഷത്തോളം രൂപ ഈ അവാർഡിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിതരണം ചെയ്യുകയുണ്ടായി. ഗവണ്മെന്റ് ജി.ഒ. തന്നെ ഇറക്കി. കാരണം പലപ്പോഴും ഗവണ്മെന്റ് പ്രഖ്യാപനങ്ങൾ ഉണ്ട്. പണം കൊടുക്കുകയി ല്ല. ഇനിമേലിൽ ആവർത്തിക്കില്ല എന്നതുകൊണ്ട് ഇൻഡ്യയിൽ ആദ്യമായി ഗവണ്മെന്റ് ഓർഡർ പുറപ്പെടുവിച്ചു. ഈ അവാർഡുകളെ സംബന്ധിച്ചിട ത്തോളം ഗവണ്മെന്റ് ഓർഡർ പുറപ്പെടുവിച്ച ഏക സംസ്ഥാനം കേരളമാണ്. ആ ഗവണ്മെന്റ് ഓർഡറിന്റെ അടിസ്ഥാനത്തിൽ തന്നെ 64 ലക്ഷം രൂപയുടെ അവാർഡുകൾ ഈ കഴിഞ്ഞ ദിവസം വിതരണം ചെയ്യാൻ കഴിഞ്ഞു. അടുത്ത വർഷത്തെ നാഷണൽ ഗെയിംസിൽ കഴിഞ്ഞ വർഷത്തെ നാഷണൽ ഗെയിം സിന്റെ അവാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നീങ്ങുകയാ ണ്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച അർജ്ജുന അവാർഡ് തുടങ്ങിയ കാര്യങ്ങളിൽ അവരുടെ തീരുമാനങ്ങൾ എന്താണെന്ന് അറിഞ്ഞു കൂടാ. സംസ്ഥാന ഗവണ്മന്റിന്റെ അഭിപ്രായം അവരെ അറിയിച്ചിട്ടുണ്ട്.

മി. സ്പീക്കർ : ചോദ്യം നമ്പർ 300 ഉം 326 ഉം ഒരുമിച്ചെടുക്കാം.

4 (* 300) പിന്നോക്ക സംവരണം സംബന്ധിച്ച സുപ്രീം കോടതി വിധി

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗങ്ങൾ (സർവ്വീസുകളിലെ നിയമനങ്ങളോ, തസ്തികകളോ സംവരണം ചെയ്യൽ) ആക്ട് സുപ്രീം കോടതി ദുർബലപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ സുപ്രീം കോടതി വിധിയുടെ പ്രസക്ത ഭാഗങ്ങൾ വ്യക്തമാക്കുമോ;

(സി) ജസ്റ്റിസ് കെ.ജെ. ജോസഫ് കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പ്രാബല്യത്തിൽ വരുത്തണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് എങ്ങനെ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഇ) കോടതി വിധിയുടെ അടിസ്ഥാനത്തിൽ 1995-ൽ സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമത്തെ തുടർന്ന് നിയമിക്കപ്പെട്ട ആളുകളുടെ ജോലിക്ക് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാകാൻ സാദ്ധ്യതയുണ്ടോ; എങ്കിൽ അത് എങ്ങനെ പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly